എ.ഡി.ബി3 /1/12832(a)/2019/ഭരണം 28.05.2019

<u>പരിപത്രം</u>

വിഷയം:സർവകലാശാല ക്യാമ്പസിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്ന തിന്റെ ഭാഗമായി അജൈവ വസ്തുക്കളുടെ നിരോധനം നടപ്പാക്കുന്നത് സംബന്ധിച്ച്:

സൂചന:മാലിന്യ മുക്ത ക്യാമ്പസ്-20.05.2019ന് ബഹു-വൈസ്-ചാൻസലറുടെ ചേംബറിൽ കൂടിയ അടിയന്തിര യോഗത്തിന്റെ മിനിറ്റ്സ്.

സർവകലാശാലയിൽ സർക്കാർ ധന സഹായത്തോടെ സംഘടിപ്പിക്കപ്പെടുന്ന പരിപാടികളിൽ ഭക്ഷണ വിതരണം നടക്കുന്ന സ്ഥലങ്ങളിൽ 01.06.2017ലെ സ.ഉ.നം.3301/എസ്.ഒ/006/2017/ഭരണം പ്രകാരം നിരോധിക്കപ്പെട്ട അജൈവ വസ്തുക്കൾ പലപ്പോഴും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു.ഇത് കർശനമായി തടയുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ, ഇത്തരം പരിപാടി കൾക്ക് അനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്ത് കൊണ്ടുള്ള ഉത്തരവുകളിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസർമാർ /വകുപ്പ് അധ്യക്ഷന്മാർ എന്നിവർ ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.

(1 )പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ ഗ്രീൻ പ്രോട്ടോക്കോൾ നോഡൽ ഓഫീസറെ മുൻകൂട്ടി അറിയിക്കുക.

(2 )പരിപാടികൾക്ക് ശേഷം വരവ് ചിലവ് കണക്കുകൾ ക്രമപ്പെടുത്തുന്ന തിനുള്ള അപേക്ഷയോടൊപ്പം പരിപാടി പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധനകൾക്ക് വിധേയമായി മാത്രമാണ് സംഘടിക്കപ്പെട്ടത് എന്ന വ്യക്തമാക്കുന്ന ഗ്രീൻ പ്രോട്ടോക്കോൾ നോഡൽ ഓഫീസറുടെ സാക്ഷ്യപത്രം കൂടി ഉൾപ്പെടുത്തുക .

**രജിസ്ട്രാർ (i/c)**

<u>പകർപ്പ്</u>

1 .എല്ലാ സെക്ഷനുകൾ ,ഡിപ്പാർട്ട് മെന്റുകൾ
2 .വൈസ്-ചാൻസലാറുടെ പി.എസ്
3 .രജിസ്ട്രാർ / എഫ്.ഒ / സി.ഇ .എന്നിവരുടെ പി.എ മാർ
4 .സെക്യൂരിറ്റി ഓഫീസർ /എസ്റ്റേറ്റ് ഓഫീസർ